പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2789

06.02.2018 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ ശമ്പളകരാർ പുതുക്കുന്നതിന് അടിയന്തര നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തോട്ടംതൊഴിലാളികളുടെ ശമ്പളകരാർ കാലാവധി 2017 ഡിസംബർ 31 ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ശമ്പളകരാർ പുതുക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുമോ ; | (എ) 1948-ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വേതന വിജ്ഞാപനത്തിന് പരാമാവധി 5 വർഷം വരെ കാലവധിയാണുള്ളത്. എന്നാൽ മുൻകാലങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ള സെറ്റിൽമെന്റ് അനുസരിച്ച് 3 വർഷവും കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ നിലവിലെ മിനിമം വേതന വിജ്ഞാപനത്തിന് പരമാവധി 5 വർഷം വരെ കാലാവധിയുള്ളതാണെങ്കിലും വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ഡിമാന്റ് - തൊഴിലാളി യൂണിയനുകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചെയർമാന് സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കുന്ന ഡിമാന്റുകളുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം ചർച്ച ചെയ്യുന്നതാണ്. |
| (ബി)കാലാനുസൃതമായ ശമ്പളവർധനവ് ഉറപ്പുവരുത്തുവാൻ ശക്തമായ നിലപാട് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) ഇക്കാര്യം സർക്കാർ പരിഗണിക്കുമ്പോൾ കാലാനുസൃതമായി ശമ്പള വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്. |

Sreeby

**സെക്ഷൻ ഓഫീസർ**